(ഡി) മരങ്ങൾ മുറിക്കുന്നതിനുള്ള നിയന്ത്രണം പിൻവലിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുകയാണ്.

വനപ്രദേശങ്ങളിലെ കഞ്ചാവ് കൃഷി

105 (1160) ശ്രീ. പി. ജയരാജൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ വൻതോതിൽ കഞ്ചാവ് കൃഷി നടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ, സംസ്ഥാനത്ത് എവിടെയെല്ലാമാണ് കഞ്ചാവ് കൃഷി നടത്തുന്നതായി കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ഡി) കഞ്ചാവ് കൃഷി നശിപ്പിക്കുന്നതിന് വനം വകുപ്പിൽ പ്രത്യേകം സംവിധാനം നിലവിലുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) അധോലോക സംഘങ്ങളുടെ സഹായത്തോടെ വനപ്രദേശങ്ങളിൽ വൻതോതിൽ കഞ്ചാവ് കൃഷി ചെയ്ത് കടത്തികൊണ്ടുപോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ പ്രസ്തുത അധോലോക സംഘങ്ങളുടെ പ്രവർത്തനം തടയുന്നതിനും കഞ്ചാവ് കൃഷി നശിപ്പിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) വനപ്രദേശങ്ങളിൽ ചില സ്ഥലങ്ങളിൽ കഞ്ചാവ് കൃഷി നടക്കുന്നതിനായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കൊല്ലം സർക്കിളിൽ ഗുഡ്രിക്കൽ റെയിഞ്ചിലും ഹൈറേഞ്ച് സർക്കിളിന്റെ കീഴിൽ മൂന്നാർ, ദേവികുളം, മറയൂർ, ആനക്കുളം, മാങ്കുളം റെയിഞ്ചുകളിൽ അങ്ങിങ്ങായും ; നോർത്തേൺ സർക്കിളിൽ, കോഴിക്കോട് ഡിവിഷനിലെ പെരുവണ്ണാമൂഴി റെയിഞ്ചിലും ; ഒലവക്കോട് സർക്കിളിലെ, മണ്ണാർക്കാട് ഡിവിഷനിൽ, അട്ടപ്പാടി, അഗളി റെയിഞ്ചുകളിലും, നിലമ്പൂർ നോർത്ത് ഡിവിഷനിലെ വഴിക്കടവ് എടവണ്ണ റെയ്ഞ്ചുകളിലും, നിലമ്പൂർ സൗത്ത് ഡിവിഷനിലെ കരുളായി റെയിഞ്ചിലും, പാലക്കാട് ഡിവിഷനിലെ

LIBRARY ARCHIVES Kerala Legislative Assembly

വാളയാർ റെയിഞ്ചിലും നെന്മാറ ഡിവിഷനിലെ നെല്ലിയാമ്പതി, കൊല്ലങ്കോട് റെയിഞ്ചുകളിലും സെൻട്രൽ സർക്കിളിലെ മലയാറ്റൂർ ഡിവിഷനിൽ, കുടമ്പുഴ റെയിഞ്ചിലെ വാരിയം, വെട്ടിവിനകാട്, കാട്ടുതീപ്പാറ തോട്ടിപ്പെട്ടി, അടിച്ചിലി തൊടി, പുഞ്ചിപ്പാറ എന്നിവിടങ്ങളിലും വാഴച്ചാൽ ഡിവിഷനിലെ അതിരപ്പള്ളി റെയിഞ്ചിൽ, ചാത്തമ്പാറ ഭാഗത്തും കഞ്ചാവ് കൃഷി കണ്ടെത്തിയിട്ടുണ്ട്.

(ഡി) ഇപ്പോൾ പ്രത്യേകം സംവിധാനം നിലവിലില്ല. എന്നാൽ കഞ്ചാവ് കൃഷി കണ്ടെത്തി നശിപ്പിക്കുന്നതിന് മഞ്ഞാർക്കാട് ഡിവിഷനിൽ, മുക്കാലി ആസ്ഥാനമാക്കി സർക്കാർ ഉത്തരവ് 13/02/വനം തീയതി 5-01-2002 പ്രകാരം ഒരു അസിസ്റ്റന്റ് കൺസർവേറ്ററും 11 വനം വകുപ്പ് ഉദ്യോഗസ്ഥരും ഉൾപ്പെട്ട ഒരു ആന്റി ഗഞ്ചാസ്ക്വാഡ് 2002 ജനുവരി മുതൽ ജൂൺ മാസം വരെ പ്രവർത്തിച്ചിരുന്നു.

(ഇ) ഇല്ല.

(എഫ്) കഞ്ചാവ് കൃഷി നശിപ്പിക്കുന്നതിന് കഞ്ചാവ് കൃഷി ചെയ്യാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ പോലീസ്, വനം, റവന്യൂ ഉദ്യോഗസ്ഥർ അടങ്ങിയ സംയുക്ത റെയിഡുകളും വനം വകുപ്പ് മാത്രമായ റെയിഡുകളും നടത്തി കഞ്ചാവ് ചെടികൾ നശിപ്പിക്കുന്നുണ്ട്.

സാമൂഹ്യ വനവൽക്കരണ പദ്ധതി

106 (1161) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സാമൂഹ്യവനവൽക്കരണ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ;

(ബി) എങ്കിൽ, ഏതെല്ലാം ഏജൻസികൾ വഴി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും പദ്ധതിയുടെ കാലാവധി ഏതുവരെയുണ്ടെന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയെ സംബന്ധിച്ച് മുൻകാലാനുഭവങ്ങൾ കണക്കിലെടുത്ത് ആയതിനെ സംബന്ധിച്ച വിലയിരുത്തലുകൾ കാലാകാലങ്ങളിൽ നടത്തുന്നുണ്ടോ ;

(ഡി) ഈ പദ്ധതിയെ സംബന്ധിച്ച പരാതികൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ സാമൂഹ്യവനവൽക്കരണ പദ്ധതി ഇപ്പോൾ നിലവിലില്ല.

(ബി) ഉത്തരം 'എ'യുടെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly